# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

നം. ഇ.ഡി./3011/എസ്.എസ്.യു.എസ്./2012 തീയതി 29.05.2020

## പരിപത്രം

വിഷയം: അവസാന സെമസ്റ്റർ ബിരുദാനന്തരബിരുദം (എം.എ., എം.എസ്.ഡബ്ല്യു, എം.എസ്.സി, എം.പി.എഡ്) വിദ്യാർത്ഥികളുടെ പ്രബന്ധ സമർപ്പണം - സംബന്ധിച്ച്

17.06.2020 മുതൽ ആരംഭിക്കുന്ന അവസാന സെമസ്റ്റർ ബിരുദാനന്തര ബിരുദ പരീക്ഷകൾക്കു മുന്നോടിയായുള്ള പ്രബന്ധ സമർപ്പണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1) അവസാന സെമസ്റ്റർ പരീക്ഷകൾ ആരംഭിക്കുന്ന ദിവസമോ അതിനു മുൻപായോ വിദ്യാർത്ഥികൾ പ്രബന്ധ സമർപ്പണം പൂർത്തിയാക്കേണ്ടതും വകുപ്പദ്ധ്യക്ഷൻമാർ /ക്യാമ്പസ് ഡയറക്ടർമാർ വഴി അവയുടെ ഒരു കോപ്പി പരീക്ഷാ വിഭാഗത്തിൽ എത്തിക്കേണ്ടതുമാണ്.

2) പഠിച്ചിരുന്ന സെന്ററിൽ തന്നെ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ അവരുടെ പ്രബന്ധങ്ങൾ മുമ്പത്തെ പോലെ അതാത് ഡിപ്പാർട്ടുമെന്റ് ഹെഡിന് സമർപ്പിക്കുക.

3) സെന്റർ മാറി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് പഠിച്ചിരുന്ന സെന്ററിൽ പ്രബന്ധ സമർപ്പണം നടത്താൻ കഴിയുമെങ്കിൽ അവിടെ സമർപ്പിക്കാം. അല്ലാത്ത പക്ഷം ടീച്ചർ ഇൻ ചാർജ് / വകുപ്പ് തലവന്റെ അനുവാദത്തോടെ പരീക്ഷ എഴുതുന്ന സെന്ററിൽ സമർപ്പിക്കാവുന്നതാണ്. അങ്ങനെ സമർപ്പിക്കുന്ന പ്രബന്ധത്തിൽ, പഠിച്ച സെന്ററിലെ മാർഗ്ഗനിർദ്ദേശം നൽകുന്ന ടീച്ചർ ഇൻ ചാർജിനും വകുപ്പു തലവനും ഒപ്പിടാൻ കഴിയാത്ത സാഹചര്യത്തിൽ, കുട്ടിയുടെ പേര്, രജിസ്റ്റർ നമ്പർ, പ്രബന്ധ ശീർഷകം, മാർഗ്ഗനിർദ്ദേശം നൽകിയ ടീച്ചറുടെ പേര്, എവിടെ പ്രബന്ധം സമർപ്പിക്കുന്നു എന്നീ വിവരങ്ങൾ അടങ്ങുന്ന സ്റ്റേറ്റ്മെന്റ് അതത് വകുപ്പ് തലവൻമാർ പരീക്ഷാ വിഭാഗത്തിലേക്ക് നൽകണം. ഒന്നിലേറെ കുട്ടികൾ ഉണ്ടെങ്കിൽ വിവരങ്ങൾ പട്ടികയായി സ്റ്റേറ്റ്മെന്റിൽ നൽകിയാൽ മതിയാകും.

4) ലോക്ഡൗണുമായി ബന്ധപ്പെട്ട സാഹചര്യം കണക്കിലെടുത്ത് വിദ്യാർത്ഥികൾക്ക് അവരുടെ പ്രബന്ധം ടൈപ്പ് ചെയ്തോ കൈയ്യെഴുത്തു രൂപത്തിലോ സമർപ്പിക്കാം. നേരിട്ട് സമർപ്പിക്കാൻ കഴിയാത്തവർക്ക് ഓൺലൈനായി അവർ പഠിച്ച സെന്ററിലെ ടീച്ചർ ഇൻ ചാർജ് മുഖേന വകുപ്പ് തലവന് സമർപ്പിക്കാവുന്നതാണ്. ഇങ്ങനെ സമർപ്പിച്ചവരുടെ പ്രബന്ധത്തിന്റെ ഹാർഡ് കോപ്പി വകുപ്പു തലവന്റെ ഒപ്പോടു കൂടി മറ്റു

പ്രബന്ധങ്ങൾക്കൊപ്പം ബന്ധപ്പെട്ട പരീക്ഷാ വിഭാഗത്തിലേക്ക് നൽകേണ്ടതാണ്. പ്രബന്ധത്തിൽ വിദ്യാർത്ഥിയുടെ പേരും രജിസ്റ്റർ നമ്പറും രേഖപ്പെടുത്തിയിരിക്കണം.

5) വിദ്യാർത്ഥികൾ പരീക്ഷാ വിഭാഗത്തിലേക്ക് നേരിട്ട് കൊണ്ടു വരുന്ന പ്രബന്ധം സ്വീകരിക്കുന്നതല്ല.

ഒപ്പ്
സക്കീർ പി.ബി.
ഡെപ്യൂട്ടി രജിസ്ട്രാർ (പരീക്ഷാ വിഭാഗം)
പ്രൊ-വൈസ്-ചാൻസലർക്ക് വേണ്ടി

പകർപ്പ്

വകുപ്പദ്ധ്യക്ഷന്മാർ, ഡി.എസ്.എസ്.
ക്യാമ്പസ് ഡയറക്ടർമാർ / ഐ.ടി ഇൻ ചാർജ് (to publish in website )
ഇൻഫർമേഷൻ കൗണ്ടർ

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ